പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3745 — 30.01.2014 -ൽ മറുപടിക്ക്

മാവേലിക്കര ഡിപ്പോയിൽ നിന്നും ദീർഘദൂര സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഷെഡ്യൂളുകൾ വെട്ടിക്കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഷെഡ്യൂളുകളൊന്നും തന്നെ വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ ബസ്സിന്റെ കുറവ് മൂലം ചില ദിവസങ്ങളിൽ ചില ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യേണ്ടി വരാറുണ്ട്. |
| (ബി) | എങ്കിൽ ഇവ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) | ബസ് ലഭ്യമാകുന്ന മുറയ്ക്ക് ഷെഡ്യൂളുകൾ പൂർണ്ണമായും ഓപ്പറേറ്റ് ചെയ്യുന്നതാണ്. |
| (സി) | മാവേലിക്കരയിൽ നിന്നും കോയമ്പത്തൂർ, പളനി, മൈസൂർ എന്നിവിടങ്ങളിലേക്ക് ദീർഘദൂര സർവ്വീസുകൾ ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | കർണ്ണാടകയുമായും തമിഴ്നാടുമായും നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥയില്ലാത്തതിനാൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ